# Mathrubhumi

# 22 August 2018

## Kochi, Flood Relief, High Court Judges & Advocates

## സഹായവുമായി ജഡ്ജിമാരും അഭിഭാഷകരും

**കൊച്ചി ▸** ദുരിതബാധിത മേഖലകളിലേക്ക് സഹായവുമായി അഭിഭാഷകരും. ഹൈക്കോടതിയിലെ ജഡ്ജിമാരുടെയും അഭിഭാഷകരുടെയും നേതൃത്വത്തിൽ ദുരിതബാധിത മേഖലകളിൽ സഹായമെത്തിക്കുന്നു.

എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ 100 ക്യാമ്പുകളിലേക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഭക്ഷണം, വസ്ത്രങ്ങൾ, മരുന്നുകൾ എന്നിവയ്ക്കൊപ്പം ശുചീകരണത്തിനുള്ള സാമഗ്രികളുമുണ്ട്. ജഡ്ജിമാരിൽ നിന്നും അഭിഭാഷകരിൽ നിന്നുമെല്ലാം പണം സമാഹരിച്ചാണ് ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള സാധനങ്ങൾ വാങ്ങുന്നത്. ഇതിനുപുറമേ വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ ആവശ്യസാധനങ്ങളും ശേഖരിച്ചു.

കോതാട്, ചിറ്റൂർ, വടുതല, കളമശ്ശേരി, തൃപ്പൂണിത്തുറ, കടവന്ത്ര, ഞാറയ്ക്കൽ, കുന്നുമ്മൽ, മഞ്ഞുമ്മൽ എന്നിവിടങ്ങളിലെ ക്യാമ്പുകളിലെല്ലാം സാധനങ്ങൾ എത്തിച്ചു. ഓരോ സ്ഥലങ്ങളിലെയും ആവശ്യം മനസ്സിലാക്കിയാണ് സാധനങ്ങളെത്തിക്കുന്നത്. ഹൈക്കോടതിയിലാണ് സാധനങ്ങൾ സമാഹരിക്കുന്നത്. ഇത് പിന്നീട് ആവശ്യ കേന്ദ്രങ്ങളിലേക്ക് എത്തിക്കും.

ജഡ്ജിമാർ ക്യാമ്പുകൾ സന്ദർശിക്കുന്നുണ്ട്. കേരള ഹൈക്കോടതി അഭിഭാഷക അസോസിയേഷനാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ക്യാമ്പുകളിലുള്ളവർക്ക് കൗൺസലിങ്ങും നൽകുന്നു. ഇതുവരെ 75 ലക്ഷം രൂപയുടെ സഹായമെത്തിച്ചതായി ഇവർ പറഞ്ഞു. കുടിവെള്ളം മാത്രം നാലു ട്രക്കുകളിൽ എത്തിച്ചു.



▶ ദുരിതമേഖലകളിൽ വിതരണം ചെയ്യുന്നതിനായി ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ വിഭവങ്ങൾ ഒരുക്കുന്നു

## അരിച്ചാക്കിറക്കാൻ ജഡ്ജിയും

പ്രത്യേക പ്രതിനിധി
കൊച്ചി

**കൊച്ചി ▸** പ്രളയത്തിൽപ്പെട്ടവർക്ക് എത്തിക്കാനായി ലോറിയിൽ നിന്ന് അരിയും പഞ്ചസാരയും പയറും നിറച്ച ചാക്കുകൾ ഇറക്കാൻ ജഡ്ജിയും. സാധനങ്ങളിറക്കാൻ ആളെക്കിട്ടാത്തതിനെത്തുടർന്നായിരുന്നു ഇത്. സാധനങ്ങൾ പിന്നീട് ദുരിതാശ്വാസ ക്യാമ്പുകളിലെത്തിച്ചു.

എറണാകുളം ജില്ലാ ലീഗൽ സർവിസ് അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജിയുമായ എ.എം. ബഷീറും മറ്റ് ഉദ്യോഗസ്ഥരും അഭിഭാഷകരും വൊളന്റിയർമാരും ചേർന്നാണ് ജില്ലയിലെ തൊണ്ണൂറോളം ദുരിതാശ്വാസ ക്യാമ്പുകളിൽ ആശ്വാസം പകരുന്നത്.

കഴിഞ്ഞദിവസം രാത്രി എട്ടരയ്ക്കാണ് മിനിലോറിയിൽ അരിയും മറ്റും എത്തിയത്. കലൂർ 'മാതൃഭൂമി' ഓഫീസിന് മുന്നിലുള്ള ലീഗൽ സർവീസസ് അതോറിറ്റി ഓഫീസ് അങ്കണത്തിൽ അവ ഇറക്കാൻ ചുമട്ടുകാരില്ലായിരുന്നു. അവിടത്തെ ജീവനക്കാരുടെ സഹായത്തോടെ ചാക്കുകൾ ഇറക്കാൻ സബ് ജഡ്ജി മുന്നിട്ടിറങ്ങി.

ഒട്ടേറെ സംഘടനകളും സ്ഥാപനങ്ങളും ജില്ലാ സർവീസസ് അതോറിറ്റിക്ക് പലവ്യഞ്ജനങ്ങളും വസ്ത്രങ്ങളും മരുന്നുകളും കൈമാറി. അവ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിക്കുന്ന ദൗത്യത്തിൽ മുന്നൂറോളം പാരാലീഗൽ വൊളന്റിയർമാരും കുടുംബശ്രീപ്രവർത്തകരും പങ്കുചേർന്നു. അവരെ സബ് ജഡ്ജി അഭിനന്ദിച്ചു.

ഏഴ് താലൂക്കുകളിലും ലീഗൽ സർവീസസ് അതോറിറ്റി തങ്ങളുടെ സാന്നിധ്യം അറിയിച്ചു. അരിയും പഞ്ചസാരയും കൂടാതെ വെളിച്ചെണ്ണയും മെഴുകുതിരികളും കുടിവെള്ളവും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള അടി